കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക ബാദ്ധ്യതകൾ

126(2164) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ എന്തൊക്കെയാണെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം ബാദ്ധ്യതയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബാദ്ധ്യതകൾ തീർത്ത് മിൽ നവീകരിക്കുന്നതിലേയ്ക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:

	(തുക ലക്ഷം രൂപയിൽ)
പരുത്തി/പോളിസ്റ്റർ വാങ്ങിയ വകയിൽ	81.51
വൈദ്യുതി ചാർജ്ജ്	24.83
പ്രൊവിഡന്റ് ഫണ്ട്	123.20
ഇ. എസ്. ഐ.	5.64
ഗ്രാറ്റുവിറ്റി	7.34
സർക്കാർ ലോൺ	2679.94
കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്	20.00
കൊല്ലം ജില്ല സഹകരണ ബാങ്ക്	250.00
മറ്റ് കുടിശ്ശികൾ	99.99
ആകെ	3292.45

(ബി) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 57.39 കോടി രൂപയുടെ റിവൈസ്ഡ് പ്രൊജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്തി കൂടുതൽ തുക അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly